'ഭരണ ഭാഷ മാതൃഭാഷ'

Azadi Ka Amrit Mahotsav

# കേരള സർക്കാർ

## സംഗ്രഹം

ധനകാര്യ വകുപ്പ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി - 2022-23 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനും, ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുമുള്ള സമയ പരിധി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (നോഡൽ സെന്റർ - ബി) വകുപ്പ്

സ.ഉ.(സാധാ)നം.1856/2024/ധന തിരുവനന്തപുരം, തീയതി : 27/02/2024

---

**പരാമർശം:** 1 സ.ഉ (അച്ചടി) നം. 119/2018/ധന,തീയതി 04/08/2018
2 സ.ഉ.(സാധാ)നം.2921/2023/ധന, തീയതി 10.04.2023
3 സ.ഉ.(സാധാ)നം.3209/2023/ധന, തീയതി 25.04.2023
4 സ.ഉ.(സാധാ)നം.5501/2023/ധന, തീയതി 24.07.2023
5 സ.ഉ.(സാധാ)നം.7783/2023/ധന, തീയതി 07.11.2023
6 ബഹു. മൃഗസംരക്ഷണം - ക്ഷീരവികസനം - ക്ഷീര സംഘങ്ങൾ - മൃഗശാലകൾ - വെറ്ററിനറി സർവകലാശാല വകുപ്പ് മന്ത്രി ശ്രീമതി. ജെ. ചിഞ്ചുറാണി അവർകൾ 28/12/2023 ൽ ബഹു.ധനകാര്യ മന്ത്രിക്ക് സമർപ്പിച്ച 880/MIN(AH&DD)/2023 നമ്പർ കത്ത്.

## ഉത്തരവ്

നിയോജകമണ്ഡല ആസ്തി വികസനപദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ പരാമർശം(1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ടി. ഉത്തരവിലെ ഖണ്ഡിക 1.6 പ്രകാരം "ഓരോ സാമ്പത്തികവർഷത്തിലും ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള തുകയ്ക്ക് അതത് വർഷം തന്നെ ഭരണാനുമതി പുറപ്പെടുവിക്കേണ്ടതാണ്. അതിനായി എം.എൽ.എ മാർ തങ്ങളുടെ ശുപാർശകൾ ഓരോ സാമ്പത്തികവർഷത്തിലും ആഗസ്റ്റ് 31 ന് മുൻപായി ബന്ധപ്പെട്ട കളക്ടർമാരെ ഏല്പിക്കേണ്ടതാണ്". എന്നാൽ, വിവിധങ്ങളാലയ കാരണങ്ങളാൽ സ്ഥലസന്ദർശനം നടത്തി ആവശ്യകത മനസ്സിലാക്കാനോ പ്രൊപ്പോസലുകൾ തയ്യാറാക്കാനോ മതിയായ സാവകാശം ലഭിച്ചില്ലെന്നും ആയതിനാൽ 2022-23 സാമ്പത്തികവർഷത്തെ പ്രവൃത്തികളുടെ ശിപാർശകൾ നൽകുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച നൽകണമെന്നും ബഹു. എം.എൽ.എ മാർ ആഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ, ആസ്തി വികസന പദ്ധതിയിൽ 2022-23 സാമ്പത്തികവർഷത്തിലെ പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനുള്ള സമയപരിധിയും, പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിനുള്ള സമയപരിധിയും യഥാക്രമം പരാമർശം (2), (3), (4), (5) പ്രകാരം ദീർഘിപ്പിച്ച നൽകുകയുണ്ടായി.

2. 2022-23 സാമ്പത്തിക വർഷത്തിലെ ആസ്തി വിക്സന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനും, ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുമുള്ള സമയ പരിധി 31/03/2024 വരെ ദീർഘിപ്പിച്ച് നൽകണമെന്ന് പരാമർശം (6) പ്രകാരം ബഹു. മൃഗസംരക്ഷണം - ക്ഷീരവികസനം - ക്ഷീര സംഘങ്ങൾ - മൃഗശാലകൾ - വെറ്ററിനറി സർവകലാശാല വകുപ്പ് മന്ത്രി അഭ്യർത്ഥിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ 2022-23 സാമ്പത്തിക വർഷത്തിലെ ആസ്തി വികസന പദ്ധതി പ്രകാരമുള്ള പ്രവൃത്തികളുടെ ശുപാർശകൾ നൽകുന്നതിനും, ഭരണാനുമതി പുറപ്പെടുവിക്കുന്നതിനുമുള്ള സമയ പരിധി 31/03/2024 വരെ ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**ശ്രീകുമാർ. എൻ**

**അഡീഷണൽ സെക്രട്ടറി (ധനകാര്യം)**

**പകർപ്പ് :**

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്-II) കേരള, തിരുവനന്തപുരം.
എല്ലാ എം.എൽ.എ മാർക്കും
ബഹു: സ്പീക്കർ ഡെപ്യൂട്ടി സ്പീക്കർ എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർക്ക്
ബഹു: മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
എല്ലാ മന്ത്രിമാരുടേയും പ്രതിപക്ഷ നേതാവിന്റെയും പ്രൈവറ്റ് സെക്രട്ടറിമാർക്ക്
എല്ലാ വകുപ്പ് സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
വിവര പൊതുജന സമ്പർക്ക വകുപ്പ് ഡയറക്ടർക്ക്
നോഡൽ ഓഫീസർ www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (E-2193677 )

**ഉത്തരവിൻ പ്രകാരം**

**അക്കൗണ്ട്സ് ഓഫീസർ**